LIBRARY ARCHIVES Kerala Legislative Assembly

ടിവാൻഡ്രം ഗോൾഫ് ക്ലബ്ബിലെ വാട്ടർ ചാർജ്, വൈദ്യുതി ചാർജ്ജ് എന്നിവയിലെ കടിശ്ശിക

130(3052) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീല പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടിവാൻടം ഗോൾഫ് ക്ലബ്, സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് കൈമാറുമ്പോൾ വാട്ടർ ചാർജ് വൈദ്യുതി ചാർജ് എന്നീ ഇനങ്ങളിൽ എത്ര രൂപയാണ് പിരിഞ്ഞുകിട്ടാനുണ്ടായിരുന്നത് ;

(ബി) ഈ തുക സർക്കാരിലേക്ക് പിരിഞ്ഞുകിട്ടിയിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഈ തുക പിരിച്ചെടുക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ടിവാൻഡ്രം ഗോൾഫ് ക്ലബ്ബിൽനിന്നും വാട്ടർ ചാർജ്ജ് ഇനത്തിൽ 2,18,03,802 രൂപ (രണ്ടു കോടി പതിനെട്ടു ലക്ഷത്തി മൂവായിരത്തി എണ്ണൂറ്റി രണ്ട് രൂപ) സർക്കാരിലേയ്ക്ക് പിരിഞ്ഞുകിട്ടാനുണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ കുടിശ്ശിക ഇല്ല.

(ബി) കിട്ടിയിട്ടില്ല.

(സി) ഇക്കാര്യത്തിൽ ഹൈക്കോടതി സ്റ്റേ നിലനിൽക്കുന്നതിനാൽ കേസ് തീരുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

ഇ-സർട്ടിഫിക്കറ്റുകളായി ലഭിക്കുന്ന സർട്ടിഫിക്കറ്റുകൾ

131(3053) ശ്രീ. എ. എ. അസീസ് :
ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വില്ലേജ് ഓഫീസുകളിൽനിന്നും ലഭ്യമാകുന്ന ഇ-സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷകൻ ചെയ്യേണ്ട കാര്യങ്ങൾ എന്തൊക്കെയാണ് ; ഫീസുകൾ അടയ്ക്കേണ്ടവിധം എങ്ങനെയാണ് ;